# പള്ളിക്കൂടം

ജെ.വി.ജോസ്

# പളുങ്കുമേട

കെ. വി. ദേവ് എം. എ.

15319

2595
3131

വാനമ്പാടി ബുക്ക്സ്,

കൊല്ലം.

Malayalam

# PALUNKUMETA

(Poems)

By K. V. DEV M. A.

First Published August 1964

Printed at
Janayugom Press, Quilon

Price Re: 1.

Copy right:
K. V. DEV M. A.

Publishers:
VĀNAMPĀTI BOOKS, QUILON
Kerala State.

# പളുങ്കുമേട

(കവിതകൾ)

കെ. വി. ദേവ് എം. എ.

വാനമ്പാടി ബുക്ക്സ്,

കൊല്ലം.

വില ക. 1.

# കെ. വി. ദേവിന്റെ കൃതികൾ

1. മുളങ്കാടും ഇളംകാററും
   (കവിതകൾ)
2. പൊന്നുഷസ്സ്
   (ഗാനങ്ങൾ)
3. മഞ്ഞുരുകുന്നു
   (നാടകം)
4. പളുങ്കുമേട
   (കവിതകൾ)
5. ഓണത്തുമ്പി (അച്ചടിയിൽ)
   (കുഞ്ഞിക്കവിതകൾ)

കടൽക്കരയിൽ കാറ്റും തിരയും കാവ്യചിത്രങ്ങൾ തുന്നിപ്പിടിപ്പിക്കുകയും, തല്ലിത്തകർക്കുകയും ചെയ്യാറുണ്ട്. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ആരും ചോദ്യംചെയ്യാറില്ല. പ്രപഞ്ചഘടനയിൽ, അതു നിരർത്ഥകമായ ഒരു പണിയാണെന്നു ഭാവനാശൂന്യന്മാർമാത്രമേ പറയാൻ കഴിയൂ. അത്തരക്കാർക്ക് ജീവിതംതന്നെ നിരർത്ഥകമാണല്ലോ! എന്തായാലും, അക്കൂട്ടർക്കുവേണ്ടിയല്ല ഈ 'പളുങ്കുമേട' എന്നു വിനയപൂർവ്വം പറഞ്ഞുകൊള്ളട്ടെ.

ഈ 'പളുങ്കുമേട' ഇങ്ങനെ രൂപംകൊണ്ടതിന്റെ പിന്നിൽ, ശ്രീ: വി. ബി. സി. നായർ, ശ്രീ: ജേസി എന്നീ സുഹൃത്തുക്കളുടെ പ്രേരണയും, പ്രോത്സാഹനവുമുണ്ട്. അവരോടും, 'ജനയുഗം' പ്രസ്സിലെ അണിയറശില്പികളോടും എനിക്കുള്ള കടപ്പാട് ഞാനിവിടെ അനുസ്മരിക്കുന്നു.

സഹൃദയർക്കുവേണ്ടി എന്റെ പളുങ്കുമേടയുടെ എല്ലാ വാതിലുകളും ജനാലകളും തുറന്നിട്ടുകൊണ്ട്,

സ്നേഹാദരപൂർവ്വം,

കെ. വി. ദേവ്.

2555
3131

# അന്തഃപുരത്തിൽ


1. മാറ്റൊലി
2. അനാഥസിംഹാസനം
3. പൂനിലാവു പുകയുന്നു
4. മൃഗതൃഷ്ണയ്ക്കു പിൻപേ
5. മണിത്തേരു്
6. വരവേൽപ്പു്
7. പളുങ്കുമേടകൾ

2555
3131

ചക്രവാളങ്ങൾ പിന്നി-
ട്ടെത്തിട്ടും മുകിലിന്റെ
ഗർജ്ജനം കേട്ടാലിന്നും
മാറെറാലിക്കൊൾവൂ ചുററും: ...
"ശത്രുവില്ലെനിക്കാരും!—
എൻപ്രിയമണ്ണിൽ കാലു-
കുത്തിട്ടും ധിക്കാരത്തിൻ
തല ഞാൻ തെറിപ്പിക്കും!,.."

[1963 സെപ്റ്റംബറിൽ തിരുവനന്തപുരത്തുവച്ചു നടന്ന സാഹിത്യപരിഷദ് വാർഷികത്തിൽ അവതരിപ്പിച്ച കവിത. കാളിദാസനിൽ ചൈനീസാക്രമണം ഉണർത്താവുന്ന പ്രതികരണമാണു പ്രമേയം.]

കൽപനയുടെ പള്ളി-
ത്തേരിലെത്തുന്നു, പൂർവ്വ-
ചക്രവാളത്തിൽ നിന്നൊ-
രാഷ്ട്രതേജസ്സിൻ പുഞ്ജം!

# മാറ്റൊലി

സ്തബ്ധനാം ഹിമവാന്റെ
മാറിലേക്കുതാ ശോക-
തപ്തയായ് വിക്ഷുബ്ധയായ്
വീണുപോയ് ഭാഗീരഥി......

ചിത്രശാലയി, ലാരോ
തട്ടിവീഴ്ത്തിയ ചായ-
ച്ചെപ്പുകൾ കണ്ടുൾക്കാമ്പു
നൊന്തുനിന്നുഷഃസന്ധ്യ!......

അതുകണ്ടൊരായിരം
കൈകളിൽ തിളങ്ങുന്ന-
മണിവർണ്ണങ്ങൾ നീട്ടി
വംഗസാഗരം നിൽക്കെ;

അറബിക്കടലിന്റെ
കരളിൽനിന്നും പീലി-
കുടയും മുകിലിന്റെ
ഗർജ്ജനം മുഴങ്ങുമ്പോൾ;......
രത്നകംബളം നീർത്ത
വെള്ളിമാമലമച്ചി-
ലെത്തിയ "കണ്വാശ്രമ
ശിൽപ്പി!"യുണ്ടതാ നിൽപ്പൂ...

* * * * *

വിണ്ണിനെ വാരിപ്പുൽകാ-
നാഞ്ഞ കൈത്താരിൽ വന്നു-
വൈജയന്തികയേന്തി
ഹിമവത്ശൃംഗം നിൽക്കേ;
കവിയോർമ്മിച്ചു, തന്റെ
കാവ്യഭാവനനെയ്ത-
*രഘുവിൻ ജയധ്വജം
കാത്തുസൂക്ഷിപ്പൂ കാലം!...
നിർഝരങ്ങളെ യൂരാൻ
കൈവളക്കരുക്കിട്ടു
നിർത്തിയ മട്ടിൽകാണ്മൂ,
ഭീമമാം പ്രാകാരങ്ങൾ!...

---

* രഘുവിന്റെ ദിഗ്വിജയം വർണ്ണിച്ച കവി ഹിമവാന്റെ ശിഖരത്തിൽ ഒരു കൊടികൂടി കുത്തിയിട്ടേ വിരമിച്ചുള്ളൂ. പക്ഷേ, ഇന്നുകാണുന്ന കൊടി ടെൻസിംഗ് ഉയർത്തിയ കൊടിയാണ്"!

പടഹദ്ധ്വനിപൊങ്ങി!....
വീണ്ടു,മപ്രതിരോദ്ധ്യ
നിരയിങ്ങൊരുക്കുന്നോ
രഘുവിൻ സേനാവ്യൂഹം!...
ആനയെ,ങ്ങമ്പാരിയെ,
ങ്ങശ്വസജ്ജമാം തേരെങ്ങു്?
ആ ജയദ്ധ്വജംകൂടി—
യെങ്ങനെ മാറിപ്പോയി!...
എന്തിതിൻ പൊരുൾ?—
ആഴി,യദ്രിശൃംഗങ്ങൾ രണ്ടും
വെമ്പുമാറെന്താവേശം!
എന്തിതെ,ന്നന്ധാളിക്കെ;
മുന്നിലങ്ങതാ മിന്നൽ
ചിതറും പടവാളും
പള്ളിവില്ലുമായ്നിന്ന
മുകിലിൻ മന്ദ്രദ്ധ്വാനം;—
"സ്വാഗതം! ഹിമാചല—
പുണ്യഭൂമിതൻ വിശ്വ—
ഗായക! മമജീവ—
ദായക! ജയിച്ചാലും!...
ആഴിതൻ മിഴിനീരാം
എന്നെയ,ങ്ങഴകിൻെറ—
ഏഴുലോകത്തും പാടാൻ—
ആടുവാൻ പഠിപ്പിച്ചു!..."

(ഉൾപ്പുളകത്തിൻ വെള്ളി–
പ്പൂക്കളർച്ചിക്കാൻമാത്രം
അപ്പോഴും മറന്നില്ല
'കുടകപ്പാല'ത്തെകൾ...)

*'വിസ്തൃതവിണ്ണിൻ വിശ്വ–
നർത്തകിയാണെന്നാലും
ഇക്കരിമണ്ണിൻ കാവ്യ–
സ്വപ്നമായ് തീർന്നതന്നേ!...

അങ്ങിലൂടറിയുന്നു
മാൻകിടാങ്ങളും, മുല്ല–
വള്ളിയും 'ജഗദേകനീഡ'–
മെന്നതിൻ സത്യം!...

ᶻതാവകസങ്കൽപ്പങ്ങൾ
ആർഷഭാരതത്തിൻെറ
തായ്‌വേരും തളിർത്തൊത്തു–
മായിതാ പുഷ്പിക്കുന്നു!...

രഘുവിൻ ജൈത്രോത്സവ–
മങ്ങു വർണ്ണിച്ചു,—വിശ്വ–
രഥസാരഥ്യം നേടാൻ
'ഏകഭാരതം' നിൽപ്പൂ!....

---

* കാലദേശാതിവർത്തിയായ മേഘത്തെ സന്ദേശഹരനാക്കിയ പ്രതിഭയ്ക്കു കൂപ്പുകൈ!

z "രാമസ്ഖലിത കൈലാസം അരാതിം ബഹുമന്യത!" അന്ന്. ഇന്ന്, ചൈനീസാക്രമണത്തിനുശേഷം പ്രധാനമന്ത്രി പണ്ഡററ്ജി വിശ്വഭാരതിയിൽ ചൈനീസാക്രമണത്തെപ്പററി പരാമർശിച്ചപ്പോൾ, അവിടുണ്ടായിരുന്ന ചൈനീസ് പ്രൊഫസ്സർ കണ്ണീരൊഴുക്കുകയുണ്ടായി...... സഹിഷ്ണുതയുടെ, വിശ്വമൈത്രിയുടെ ആ ശബ്ദം!

പുരുപൗരുഷമശ്വ-
യാഗമെന്നാരംഭിക്കെ;
വൃളകോദ്ഗമ ദൃശ്യം
കണ്ടവ, രാശംസിക്കെ,
കടിച്ചു പിന്നിൽനിന്നു
'ചീന'യക്കുളമ്പിൻമേൽ;....
(മദിച്ചു മഞ്ഞത്തുമ്പി-
യെറിതീതെച്ചിപ്പൂവായ്!...)
അതുക,ണ്ടാകൈലാസം
ആർത്തിരമ്പുന്നു ക്ഷാത്ര-
സമരാവേശം!—മുന്നിൽ
കാണ്മതാ സേനാവേശം!...
പുൽക്കൊടിത്തുമ്പും
മൂർച്ഛതേച്ചൊരുക്കുന്നു, മണ്ണി-
ലത്ഭുതം വിടർത്തുന്നൊ-
രീജയദ്ധ്വജം കാക്കാൻ!...

* * * * *

അപ്പുറം കേട്ടില്ലൊന്നും
ആ രക്തചീരാംബര-
മുക്തമാം പകലിൻെറ
വാൾത്തലത്തിളക്കത്തിൽ!...
തിന്മയെ വിലക്കുന്ന
ശാന്തിതൻ പതാകയിൽ
ഉന്മുഖം മിഴിനട്ടു
നിന്നുനിഷ്പന്ദം കവി!...

ദ്ദുരതൻ ക്രൂര,മെയ്തു
വീഴ്ത്തിയ, നൈർമല്യത്തിൻ-
കരളിൽ, കരൾനൊന്ത
കണ്ണിലെ,ത്തീനാളങ്ങൾ;

കവിമയ പൊതിയുമ്പോൾ,—
ചക്രവാളങ്ങൾ വില്ലു—
കുഴിയെ കലക്കുമ്പോൾ,—
മാറ്റൊലിക്കൊണ്ടു ചുറ്റും:

“ആഴിതന്നഗാധത—
യ്യൊപ്പമീ ശൈലാഗ്രത്തിൻ
താഴികക്കുടം ചൂടി
മിന്നുമമീമുനിവാടം;

അദ്രിശൃംഗങ്ങൾ പിന്നി—
ട്ടപ്പുറം * ‘കൺഫ്യൂഷ്യസ്സിൻ’—
അഗ്രഹാരങ്ങൾതോറും
ഒരുനാൾ കൊടിനാട്ടി!...

ഇന്നുമാർക്സികസ്വര—
വിശ്വമൈത്രിതൻ പൊൻതേ—
രെങ്ങുമെത്തട്ടെ!—
രക്തമററ നീക്കട്ടെകാലം!...

---

* ബുദ്ധന്റെ സിദ്ധാന്തം ചൈനയിലേയ്ക്കു കടന്നുചെന്നു. കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്തം ഇവിടെ വിളഞ്ഞുമില്ല. ഇന്നും അങ്ങനൊരു മത്സരം ഗാന്ധിജിയും മാർക്ക്സുമായി നടക്കുകയാണ്"!

പാശുപതാസ്ത്രം തോററ—
　　മണ്ണിലുണ്ടഹിംസയ്ക്കു
പാലമൃതൂട്ടിപ്പോന്ന
　　'ഗീത'തൻഹിംസാമന്ത്രം!...

ശത്രുവില്ലെനിക്കാരും!—
　　എൻ പ്രിയമണ്ണിൽ കാലു—
കുത്തിട്ടും ധിക്കാരത്തിൻ
　　തല ഞാൻ തെറിപ്പിക്കും!..."

* * * * *

ചക്രവാളങ്ങൾ പിന്നി—
　　ട്ടെത്തിട്ടും മുകിലിൻെറ
ഗർജ്ജനം കേട്ടാലിന്നും
　　മാറെറാലിക്കൊൾവൂ ചുററും:—

"ശത്രുവില്ലെനിക്കാരും!—
　　എൻപ്രിയമണ്ണിൽ കാലു—
കുത്തിട്ടും ധിക്കാരത്തിൻ
　　തല ഞാൻ തെറിപ്പിക്കും!..."

27–9–1963.

★

“ഞങ്ങളിലങ്ങുയിർക്കൊള്ളുമ്പോഴെങ്ങനെ
ഞങ്ങളുറങ്ങും; ഭവാനുറങ്ങാമിനി!...
വേണ്ട വിഷാദം; അക്കാലടിപ്പാട്ടുകൾ
ഖീണ്ടുമീമണ്ണിലുണർത്തും യുഗങ്ങളെ!...”

എന്നെയുണർത്തായ്ക; വിണ്ടുമാത്മാവുമായ്
കണ്ണീരൊഴുക്കിയൊട്ടാശ്വസിക്കട്ടെ ഞാൻ...

+ആദിത്യനഗ്നിയിലർപ്പിച്ച തേജസ്സി—
തായിരം നാവുമായുള്ളിൽ ജ്വലിക്കവെ;

ആരും വിളിക്കായ്ക; മണ്ണിലും വിണ്ണിലു—
മാരുമില്ലാരുമി,—ല്ലീയഴലാററുവാൻ....

മാറത്തു ചെമ്പനീർപ്പൂവുമായ് പൊന്നുഷ—
സ്സോരോന്നുമെന്നെ വിളിച്ചുണർത്തീടിലും;

# *അനാഥസിംഹാസനം

കണ്ണീരിലീറനായ് കൂമ്പും കരൾപ്പൂവി—
നെല്ലാമിരുട്ടാ,ണിരുട്ടിലാണിന്നു ഞാൻ...

നിശ്ശബ്ദചിന്തേ! നിനക്കെൻ വികാരങ്ങ—
ളുൾക്കൊള്ളുവാനില്ല ശക്തിയും സിദ്ധിയും!

മൃത്യുവിന്നുഗ്രപ്രതാപപ്രഭാവങ്ങൾ
അക്ഷോഭ്യരായ്നിന്നു കണ്ടവരെങ്കിലും;

×അർക്കചന്ദ്രന്മാരൊരേമട്ടു ഞെട്ടിയ—
തിപ്പൊഴാണീക്കൊട്ടും വെള്ളിടിവെട്ടലിൽ!...

---

+ ആദിത്യൻ തേജസ്സ് അഗ്നിയിൽ അർപ്പിച്ചിട്ടു മറയുന്നു എന്നു ശ്രുതി.

* പണ്ഡിററ്ജിയുടെ ദേഹവിയോഗത്തിൽ.

x 1964 മേയ് 27-ാംനു പകൽ 2 മണിക്ക് ഭൂമിക്കു ഇരുപുറവും നിന്ന സൂര്യചന്ദ്രന്മാർ ആ ദുരന്തം കണ്ടു വിളറിപ്പോയി. പാശ്ചാത്യ-പൌരസ്ത്യനാട്ടുകാർ ആ കണ്ണുനീരിൽ ഒപ്പം പങ്കുകൊണ്ടു. പകൽ മൂന്നുമണിക്ക് കാശ്മീരിൽ ഭൂകമ്പമുണ്ടായതും സ്മരണീയം.

ചെങ്കോലെറിഞ്ഞേ കഴിഞ്ഞുള്ള ബുദ്ധനാ—
സങ്കീർണ്ണമാമാത്മതത്വമാരായുവാൻ...

സിംഹാസനങ്ങളെ വെല്ലുവിളിച്ചതിൻ—
സമ്മാനമായ് ക്രൂശിലേറേണ്ടിവന്നൊരാൾ;

കഷ്ടം! മതഭ്രാന്തു വെല്ലാ, നഹിംസതൻ
രക്തസാക്ഷിത്വം വരിച്ചോരാൾ;—എങ്കിലും,

എത്തുംയുഗങ്ങളെ മാറോടണക്കുമീ—
യത്ഭുതസിദ്ധികൾ കണ്ടതില്ലാരിലും!

'ലിങ്കണും', 'മാർക്സും' കൊളുത്തിയ കൈവിള—
ക്കിന്നുമന്യോന്യമുയത്താനറക്കവെ,

ആററംയുഗത്തെ വിറപ്പിച്ചു, മത്ത്യൻെറ
ആത്മാവിലാരൊരാൾ തീർത്തു സിംഹാസനം!

ആ ദീപം!—ആ കെത്തളർന്നുപോകുന്നു ഞാൻ
ആരുമി—ല്ലാരും! അനാഥസിംഹാസനം!

ബാഷ്പാവിലങ്ങളാമിപ്പനീർപ്പൂവുകൾ
അർപ്പിക്കയാ;ണൊപ്പമോർത്തുപോകുന്നു ഞാൻ:—

"ഞങ്ങളിലങ്കുയിർക്കൊള്ളുമ്പൊഴെങ്ങനെ
ഞങ്ങളുറങ്ങും; ഭവാനുറങ്ങാമിനി!...

വേണ്ട വിഷാദമക്കാലടിപ്പാടുകൾ
വീണ്ടുമീമണ്ണിലുണർത്തും യുഗങ്ങളെ!..."

30–5–1964

★

"എങ്കിലും നിറയുന്നെൻ കണ്ണുകൾ വിഷാദത്താൽ
എങ്ങനെ ഞാനീപ്രാണബന്ധങ്ങൾ ചീന്തിത്തള്ളും...
അച്ഛൻ!....എൻ സിരയാകെയിപ്പോഴേ തളരുന്നാ—
വേഴ്ചയിൽ കുളിരുററിനില്ലുമെൻ സ്മരണകൾ!
ഉലയിൽ പഴുക്കുന്ന തങ്കനൂലുപോൽ, യാഗ—
തപനൻവരട്ടുമപ്പൂമെയ്യു കാണെക്കാണെ!...,
ഇനിയെൻ വിരഹരാഗ്നിജ്വാലയുംകൂടിച്ചേർന്നാൽ!—
ശിവനേ!...ദഹിക്കുന്നെൻ ജീവനാ വിചാരത്താൽ!...
സ്നേഹങ്ങളെല്ലാ,മെന്നും, വേദനാമയമെന്നീ
മോഹജീവിതമോതു,—ന്നെങ്കിലും സ്നേഹിപ്പു ഞാൻ

നീലവാനിലെ, മഞ്ഞക്കൊണ്ടപൂത്തുതിരുന്ന
പൂമഴക്കളിരേററു മിന്നി 'മാലിനീ'തീരം!

കാണ്മൂ, ഹാ! മൂടൽമഞ്ഞിൻ ചീവരംധരി,ച്ചാത്മ-
ധ്യാനമൂകമായ്നിൽക്കും, കാനനം—കണ്വാശ്രമം.

വിശ്വസൗന്ദര്യത്തിൻെറ വിസ്മയം പ്രകൃത്യംബ-
ശാശ്വതീകരിച്ചതാണാമണിച്ചെപ്പിന്നുള്ളിൽ!

പുള്ളിമാനുറങ്ങുന്ന പൂമരങ്ങൾതൻചോട്ടിൽ,
ഭംഗിയിൽ നിലാവിൻെറ പുള്ളിമാനലയുന്നു!...

# പൂനിലാവ് പുകയുന്നു

മല്ലികാദലങ്ങളാൽ പൂമ്പട്ടം, കരൾത്തട്ടിൽ
പൊൻകിനാക്കളുംചൂടി നിൽക്കയായ് നികുഞ്ജങ്ങൾ.

മൈതമണിക്കാററാൽ വീണമീട്ടിയ കാട്ടാ,റോമൽ-
ക്കൈവളക്കിലുക്കത്താൽ താരാട്ടുപാടുംനേരം,

അമ്മതൻമാറിൽ, പിഞ്ചുപൈതൽപോലുറങ്ങുന്നു-
പൊന്മലർക്കാവിൻസത്വശുദ്ധിപോൽ മുനിവാടം!

എങ്കിലും വിഷാദത്തിൻ സ്വപ്നചിത്രമായ്ത്തോന്നു-
ന്നമ്പിളിച്ചാറിൽമുങ്ങിനിൽക്കുമത്തപോവനം!

*　　　*　　　*　　　*

'പോകയാണല്ലോ നാളെത്തോഴിയെന്നോർത്തോർത്തോമൽ
പാതിരാക്കുയിലിന്നു ഗദ്ഗദം വിതുമ്പുമ്പോൾ,

കണ്ണുനീർതുടച്ചുന്ന മാലിനീതീരക്കൈകൾ
ഉമ്മവച്ചിളക്കുതെന്നൽ ദീർഘനിശ്വാസംകൊൾകെ!,
പൂനിലാവിനെക്കണ്ടു, പൊന്നുഷസ്സാണെന്നോർത്ത
പൂവുകൾ,ക്കിതൾമിഴിത്തുമ്പുകൾ നനയുമ്പോൾ,
ജാഗരംകൊൾവൂ "പർണ്ണശാല"യിൽ കരൾത്തോരത്തൊ—
ന്നായിരംപ്രതീക്ഷകളൂട്ടുകൾ പാകുംനേരം...!

2

*ആ മയിലാട്ടംകണ്ടു കൺകുളിർത്തനാൾതൊട്ടു
മാൻകിടാവുകൾക്കിഷ്ടതോഴിയായ് വളർന്നവൾ,
രണ്ടിളംതളിരൊത്തപൂവുപോൽ സഖിമാരൊ—
ത്തങ്കണപ്പൂങ്കാവാർന്ന മേവിനാൾ ശകുന്തള!...
പാതികൂമ്പിയകണ്ണിൽ നിദ്രയ,ല്ലുഴൽമുററി—
പ്പാതിരാകഴിഞ്ഞിട്ടും തോഴിമാരുറങ്ങീല!
"നാളെ ഞാനെവിടാണിനേര"മെന്നോതാനാഞ്ഞ
നാവുറഞ്ഞുപോയ് !—കണ്ണീർതൂകിനാൾ മുനികന്യ!
x'വല്ക്കലംമുറുകുന്ന' താരുടൽതാലോടിക്കൊ—
ണ്ടുൾക്കളംനുറുങ്ങുമാറോതിനാ,—'ളനസൂയ'—
"പോകയായ് ശകുന്തള നാളെയെന്നോർത്തെൻനിദ്ര—
മാഞ്ഞുപോയിന്നേ...." ബാഷ്പമുദ്രിതമായി നാദം!....
ചൊല്ലിനാൾ 'പ്രിയംവദ' തോഴിതൻ കവിൾപ്പൂവിൽ
തില്ലലംതുള്ളും മുടിത്തുമ്പൊതുക്കിയീമട്ടിൽ:

---

* ശകുന്തപ്പക്ഷികൾ ശകുന്തളയെ കാത്തുസൂക്ഷിച്ചുപോൽ!

x പ്രതിക്ഷണവിജൃംഭിതമായ യൗവനമായിരിക്കില്ല ഇപ്പോൾ. കാരണം, പിന്നെയോ (?)

"മാരിവില്ലണിയുന്ന ഭാഗ്യസീമകൾ വന്നു
മാടിനില്ക്കുമ്പോൾ നീ,യിപ്പൂവനം മറന്നേക്കാം;
എങ്കിലും, മറക്കുമോ ഞങ്ങളെ...."യാത്മാവിൻെറ–
തങ്കവീണയിലെന്തോ തന്തികൾ പൊട്ടിപ്പോയി!...
ഓതുവാൻകഴിഞ്ഞില്ലൊരക്ഷരം, സഖിമാരെ–
വ്വേദനാവിവശയായ് നോക്കിനാൾ ശകുന്തള!
നീലനീൾമിഴിത്തുമ്പിൽ വെൺപളുങ്കുകൾ കണ്ടു
നീരവം സഖിമാരപ്പൂമേനി വാരിപ്പുൽകി!
തെല്ലമത്തിയാൽപോലും വാടിടും റോസാദള
മല്ലി,യക്കരൾ!—പിന്നെ മുള്ളുവാക്കുതിന്നാലോ?
തോഴിമാരലിവാന്നു സാന്ത്വനിപ്പിക്കെ, മുല്ല–
ക്കാവിനും പുളകത്താൽ വെണ്മലർവിരിഞ്ഞുള്ളിൽ!

3

പൂനിലാവിലാമുല്ലപ്പൂവുകളലുക്കിട്ട
കാനനനികുഞ്ജത്തിൻ പള്ളിമഞ്ചത്തിൽ ചാഞ്ഞു,
തന്നിടം കൈത്തണ്ടിൽ പൊൻപൂങ്കവിൾ താങ്ങി,പൂത്ത–
വള്ളി, വാടിയമട്ടിൽകിടപ്പൂ ശകുന്തള!....
മഞ്ഞണിത്തളിർപ്പുല്ലുനീലകംബളം നീർത്ത
പൊയ്കതൽപുളിനത്തിൽ പുള്ളിമാനുറങ്ങുമ്പോൾ,
രാഗലോലയാൾക്കുള്ളിൽ വെള്ളാമ്പൽവിരിയുന്ന
മാദകോന്മാദം വീണമീട്ടവാനുണരുന്നു!....

* * * *

പാൽക്കുടംതുളുമ്പിയരാവി,ലന്നിളമാനൊ,–
ത്താമലർക്കുളത്തിൻെറവക്കിലെ, മരച്ചോട്ടിൽ

മന്നവൻ, കളിക്കോപ്പുകിട്ടിയ പൈതൽപോലെ—
തൻനിലപ്പോലുംവിട്ടു കാട്ടിയ ചാപല്യങ്ങൾ!...
ഓർക്കുവാൻനാണംതോന്നു,ന്നെങ്കിലും മറക്കാമോ
പൂത്തിരികത്തിച്ചുള്ളിൽ മിന്നുമാ സമാഗമം!...
ഉടല,ല്ലുയിരാണുചേർന്നലിഞ്ഞതു; വിണ്ണിൽ
കുളിർകോരിയചന്ദ്രൻ കാവൽനിന്നൊരാ 'രാവിൽ!
ഭൂപനെ'യല്ലെൻപിഞ്ചുമാനസംകൊതിച്ചു, താ—
പ്രേമഗായകനായ കാമനെ—'ദുഷ്ഷന്തനെ!...'
കേവലം 'വനകന്യ'യെങ്കിലും ഭവാനെൻെറ
ജീവിതമൊരു പൂജാപുഷ്പമായ് സമപ്പിക്കെ,
സസ്മിത,മെൻ കൈത്താർനിൻ മാറത്തുചേ,ത്തീരത്ന—
മുദ്രാമോതിരംചാത്തി; യാത്രനീപറഞ്ഞപ്പോൾ,—
കാട്ടുവേടനമ്പെയ്തുവീഴ്ത്തിയമട്ടെൻകരൾ—
ക്കൂട്ടിലെ വാനംപാടി വീണു ഹാ! പിടഞ്ഞപ്പോൾ,
"മൂന്നുരാവുകളെണ്ണട്ടെങ്കിലും പൊറു"ക്കെന്നു—
നായകാ ഭവാൻ ചൊന്നതിപ്പൊഴും മുഴങ്ങുന്നു!
രാവുകൾ!...നിമിഷങ്ങൾ മാസമായ്ത്തോന്നി, മൂന്നു—
രാവുകൾ യുഗങ്ങളായ്നീങ്ങി! യങ്ങണഞ്ഞില്ല!...
പൂനിലാവുട്ടത്തെത്ര യാമിനിയീറൻതോരാ—
തീവനാന്തത്തിൽ കാത്തുനിന്നു,—നീയണഞ്ഞില്ല!...
സോമതീത്ഥത്തിൽനിന്നെൻ താതനിങ്ങെത്തി,യെൻെറ
ജീവനിൽ തപോവഹ്നികത്തി! ..യങ്ങണഞ്ഞില്ല!
ആരാരുമോരാതൊന്നാ,കാതി,ലന്നൊരുകാര്യ—
മോതുവാനൽക്കാമ്പെന്തുവെമ്പി!—യങ്ങണഞ്ഞില്ല!

ദൂതര,ല്ലവിടുന്നുതന്നെയെൻ 'നില'യോർത്തി–
ട്ടാഗമിക്കുമെന്നോർത്തോമെത്രനാളുകൾ നീക്കി!....
ആരുമൊന്നറിയാത,ന്നെന്നെ, ഞാ,നുഴി,ഞ്ഞങ്ങേ–
യ്ക്കേകിയ,തൊത്താലെൻെറയുൾത്തുടിപ്പോരാമല്ലോ!...
കരളിൽ കരൾചേർന്നു നമ്മളിൽതളിരിട്ട–
പ്രണയാങ്കുരത്തിന്നു ദോഹളമെൻകണ്ണീരായ്!...
ദേവ, നീയണിയിച്ച രാഗമുദ്രയുമെൻെറ–
ജീവനിൽതുടിക്കുന്നു—വയ്യെനിക്കോർക്കാനൊന്നും!
കഷ്ടം,മിക്കരുന്നിലേയിക്കനൽചിത താങ്ങാൻ
കുററമെന്തവിടേയ്ക്കു ചെയ്തതീ വനകന്യ!
കാട്ടുജാതി'യെന്നാകിൽ തോഴിമാർ പറഞ്ഞെത്ര
കേട്ടിരിപ്പുണ്ടാ, നേവം 'ശന്തനു'ചരിതങ്ങൾ!
ഹിമവന്മടിത്തട്ടിൽനിന്നു പൊൻചിലമ്പേററി–
ക്കുണുങ്ങിക്കുതിക്കുന്ന മാലിനിയെങ്ങെന്തെല്ലാം;
തങ്ങിനിന്നൊഴുകുന്നിതെങ്കിലും രത്നാകരം
വൻതിരക്കയ്യാലേറുകൊൾവൂ ഹാ! മഹാസത്വൻ!...
ഇരുളിൽ കുഴിയുണ്ടെന്നോർക്കാതെ തുള്ളിച്ചാടി–
യിടറിപ്പതിക്കുന്ന വീഴ്ചയാണല്ലോ വീഴ്ച!...
കാന്തൻെറ കൊമ്പിൻതുമ്പിൽ കണ്ണുവച്ചുരുമ്മുന്ന
ശാന്തയാം മാൻപേടയെച്ചൂണ്ടി,യന്നെന്നേ നോക്കി.
നാണവുമുദ്വേഗവുമാർന്നു ഞാൻ പരുങ്ങുമ്പോൾ,
നാഥ!...നീ തൊട്ടത്തേയ്ക്കു ക്രൂരമ്പു പൂവമ്പായി!....
നുള്ളുവാനറയ്ക്കേണ്ട പൂവിത,ളതിൽ കാര–
മുള്ളുകൾ തറച്ചെന്തേ ക്രൂരമീ വിനോദങ്ങൾ!...

ആ നറും പ്രകാശത്തിൻ ചന്ദനക്കളിർപററി
ഹാ! വെറും സ്വ ത്വത്തിൻെറ 'പത്തി'—
ഞാൻ കണ്ടില്ലല്ലോ!...

*    *    *    *

(വനകന്യകേ! നിൻെറ പിഞ്ചുപൂങ്കരളെന്തേ
കനിവില്ലാതിന്നിത്ര കാലുഷ്യമേലാൻകാര്യം?
ശരിയാ,ണോർക്കാമുററൻ പാറയിൽത്തടയുന്ന
വനകുല്യകപോലും പ്രക്ഷുബ്ധയായ്ത്തീരാം
തിരിയാം ഗതി, പിന്നെയൂററമായെല്ലാംമുക്കി-
യൊഴുകാം—,മവൾ വീണ്ടും വീണിതാ പ്രവാഹത്തിൽ)

*    *    *    *

"ഓർക്കുന്നു, ഞാനപ്പിഞ്ചുമാൻകിടാവിനെപ്പോലും
വേട്ടയാട്ടവാനാഞ്ഞ നിർദ്ദയപാരമ്പര്യം!
നീരണിഞ്ഞുലത്തൊട്ടും പൂങ്കുലവിട്ടെൻനേക്കു—
പാഞ്ഞെത്താരാ മധുപത്തെക്കണ്ടു, കൈതവപ്പൂവ്വ്;
ത്യാഗശീലനാ,യാത്ത്രാണവ്യഗ്രനാ,യന്നീ
ഗ്രാമകന്യകമാരോടോതിയ കാപട്യങ്ങൾ!...
കഷ്ടം,മിത്തപോവനശുദ്ധവായുവിലന്നാ—
ണെത്തിയതാദ്യം നിന്ദ്യനാഗരികത്തിൻഗന്ധം!
പൗരവ, തവവാക്കു വിശ്വസിച്ചതാണെൻെറ
ദുർവ്വിധിയെന്നാൽ, കഷ്ടം!. .സാധു ഞാൻ നശിച്ചല്ലോ!"

*    *    *    *

പുലരിപ്പിറപ്പിൻെറ പൈങ്കുളിർകാററാ,തങ്ക
മലരിൻതുനെററിയിലുമ്മവച്ചെന്തോചൊല്ലി!

അറിയാതവളൊന്നു നിശ്വസി, ച്ചാട്ടിൻപററ—
മകലുംപോലെ വെള്ളിവാർമുകിലിഴയുന്നു!...
ശുക്രനക്ഷത്രം നിന്നു കണ്ണുചിമ്മുന്നു, പെണ്ണി—
ന്നുൾക്കളംതുളുമ്പിയ രാഗവാഹിനി പാഞ്ഞു!...,

*　　*　　*　　*

"ചെയ്യുമോ ചതിയമ്മ, ട്ടെൻപ്രിയ, നെന്നാലീ വെൺ—
ചന്ദ്രികപോലുംനാളെ വീശിടാം വിഷധൂമം!...
എന്തിനാണിമ്മട്ടോത്തുപോവതീയശുഭങ്ങൾ
മന്നവൻ വിഷാദത്താൽ നീറുകയാവാമിപ്പോൾ!....
ഓക്കുകിൽ പരതന്ത്രമല്ലിയീ നൃപധമ്മം;
പേത്തുമീ സ്വാതന്ത്ര്യത്യാഗ,മാത്മഭൂഷണമല്ലീ!
എന്നെയോർത്തകംനീറി വാഴ്കിലും പ്രജാഹിത
ഖിന്നനായ്, വരാനിത്രുവൈകുവതാവാം നൂനം!
ഓർത്തിരിക്കാതങ്ങെത്തുമെന്നെ, യക്കരവല്ലി—
കോത്തപൊന്നൂഞ്ഞാലാട്ടിയാത്മനിർവൃതിചേക്കും!
നാണമെൻ കവിളത്തു കുങ്കുമപ്പൂചൂട്ടുമ്പോൾ,
ഞാനക, ന്നീഷ്യാകുലം തെററിമാറുവാൻനോക്കും!
ആവുകില്ല, കലാനാ ദേവനെൻ മുന്നിൽനില്ക്കേ,
ആകെഞാനലിഞ്ഞലിഞ്ഞവനിൽ വിലയിക്കേ!
കാണുവാൻ കൊതിയാകു, ന്നാദ്യമാ, യന്നെൻ രാഗ—
വീണയിൽ വിരൽതൊട്ട തോഴനേ—താരമ്പനേ!...
"എങ്കിലും നിറയുന്നെൻ കണ്ണുകൾ വിഷാദത്താൽ
എങ്ങനെ ഞാനീ പ്രാണബന്ധങ്ങൾ ചീന്തിത്തള്ളും...

അച്ഛൻ!...എൻ സിരയാകെയിപ്പൊഴേ തളരുന്നാ-
വേഴ്ചയിൽ കുളിർത്തുറിനില്ലുമെൻ സ്മരണകൾ!
ഉലയിൽ പഴുക്കുന്ന തങ്കത്തൂലുപോൽ, യാഗ-
തപനൻവരട്ടുമപ്പൂമെയ്യു കാണെക്കാണെ!...
ഇനിയെൻ വിരഹാഗ്നിജ്വാലയും കൂടിച്ചേർന്നാൽ!-
ശിവനേ!...ദഹിക്കുന്നെൻജീവനാ വിചാരത്താൽ!...
സ്നേഹങ്ങളെല്ലാ,മെന്നും, വേദനാമയമെന്നീ
മോഹജീവിതമോതു,—ന്നെങ്കിലും സ്നേഹിപ്പൂ ഞാൻ.
കാട്ടിലെ നീളൻദർഭപ്പുല്ലുകൾക്കിടയിന്നു
കാത്തുപോററിയതാണിപ്പുഴവെപ്പുമ്പാററയായ്!
യോഗദണ്ഡു,മിക്കൊച്ചു പുത്രിയുമവിടേയ്ക്കു-
ഭേദ,മെന്ത,റിയില്ലെൻ മാനസം തളരുന്നു!

ജീവിതഗാനത്തിൻെറ താളവും ലയവുംപോൽ
ജീവനെക്കുളിർപ്പിച്ച നമ്മസോദരികളെ!
നിങ്ങളെ—യത്മാവിൻെറ പൂക്കളേ—വെടിഞ്ഞു ഞാ-
നെങ്ങനെ കണ്ണീരിൻെറ നീരാഴി നീന്തിക്കേറും!....

ഇന്നലെയോളംകണ്ട പൂക്കാലമ,ല്ലീ മുല്ല-
വള്ളികളടിമുടി പൂത്തുഹാ! ചമഞ്ഞല്ലോ!....
അങ്ങതാ പുളിനത്തിൽ പൂഴിലാക്കുളിരത്തെൻ
പുള്ളിമാനുറങ്ങുന്നു ഗർഭഭാരവുംപേറി.
അവൾതൻ തളിർമെയ്യിൽ താരിളംഗളനാള-
മഴകിൽ ചായ്ച്ചുൻപാനു കാമുകൻ മയങ്ങുന്നു!,...
നിർമ്മലപ്രണയത്തിൻ പുണ്യസഞ്ചയങ്ങളേ!
എങ്ങനെ വിടവാങ്ങും നിങ്ങളോടിവൾ നാളെ!....

സ്നേഹങ്ങളെല്ലാ,മെന്നും, വേദനാമയ,മെന്നീ–
മോഹജീവിത,മോതു;ന്നെങ്കിലും സ്നേഹിപ്പൂ ഞാൻ!
പൂമരക്കൊമ്പിൽനിന്നു കേകികളാടുന്നേരം,
മാലിനീതീരത്തോമൻമാനുകൾ തുള്ളുന്നേരം,
താമരക്കുളങ്ങളിൽ തുമ്പികൾ ശ്രുതിമീട്ടി
താളമിട്ടോടുന്നേരം സ്വർഗ്ഗമൊന്നുയിർക്കൊള്ളും!
ആ ദിവ്യസ്വർഗ്ഗം നാളെയെന്നിൽനിന്നകലും ഹാ!
ഞാനകന്നകന്നയ്യോ!. . കാനലായ് തോന്നുന്നെങ്ങും!. ..
മുട്ടിനിന്നണപൊട്ടിപ്പാഞ്ഞപോൽ ചുടുകണ്ണീ–
രത്തളിർകവിളത്തു നീച്ചാലുകീറുന്നേരം;
''നേരമായ് പോകാ''മെന്നു തോഴിമാരോർമ്മിപ്പിക്കെ,
നീറുമക്കരൾവീണ്ടും കണ്ണുനീർക്കയമായി!....
"നേരമായ്''' മണിക്കൊന്നക്കൊമ്പിലെക്കിളിപാടി–
നേരമായ് പുലർകാലതാരകം തിരിച്ചൂണ്ടി!....
പോകയായ് മിഴിനീരുമാർഗ്ഗരോധമായ്നില്ക്കേ,
തോഴിമാരുടെതോളിൽ താങ്ങിയാ മനസ്വിനി!....

7–4–1958

★

"ആരെന്തറിഞ്ഞു പൊരുൾകണ്ടറിഞ്ഞവർ
ആദരിച്ചെന്തിനു വിശപ്രകൃതിയെ?....
സ്നേഹപ്രചോദിതമല്ലാസ്ഥിൽ ജീവിത-
ദാഹംശമിക്കുമോ ശാസ്ത്രനീർമോന്തിയാൽ!..."

മർത്ത്യൻ മദിപ്പൂ—"പ്രപഞ്ചമെൻ കാൽത്തളി—
രച്ചിച്ചുനിൽപ്പൂ, വസന്താഗമങ്ങളാൽ.
സൗരയൂഥങ്ങളോ, ഞാനെന്റെയിച്ഛതൻ
സൗവർണ്ണനൂലിൽപറത്തും ബലൂണുകൾ!...
ഇന്നെനിക്കെന്തുണ്ടസാദ്ധ്യമാ,യൂഴിയെ
പൊന്നലർക്കാവാക്കി മാററുമെൻ കല്പന!
തുംഗനഗങ്ങളും ക്രീഡാതടാകങ്ങൾ....
അമ്പിളിവേണേങ്കിലാഴക്കചാമ്പലും!....

# മൃഗതൃഷ്ണയ്ക്കു പിൻപേ

ശാസ്ത്രീയസിദ്ധിതൻമായൂരപിഞ്ഛകം
സാദ്ധ്യമായ്തീർത്തു ഗ്രഹാന്തരാന്ദോളനം!...."
അങ്ങനെ നീണ്ടു—ദിനപ്പത്രവുംകൊണ്ടു
പൊന്നുമോനോടി വന്നെന്നോടു ചോദ്യമായ്:—
"എങ്ങാണ്ടു ഭൂമികുലുക്കമുണ്ടായതായ്
അമ്മ പറ,ഞ്ഞതിപ്പത്രത്തിലുണ്ടുപോൽ!
എന്തിനാണച്ഛാ കുലുങ്ങുന്നതീഭൂമി?"
എന്തൊരുചോദ്യമാ,ണൂറിച്ചിരിച്ചുഞാൻ....
പെട്ടെന്നുബാഷ്പനിരുദ്ധമായെൻചിരി;
കെട്ടിനില്ക്കുന്നിതാ മാറാത്തവേദന!....

കണ്ണുകൾക്കെത്തുവാനാകാത്ത ദൂരം,മുൾ—
ക്കണ്ണുകൾപിന്നിട്ട കണ്ട ദൃശ്യങ്ങളെ;
ഓർമ്മതൻതാളിൽകുറിക്കാനറയ്ക്കയാ—
ണോർമ്മകൾ പക്ഷേയുയിർപൂണ്ടുപോകില്ലേ!....

ആയിരമായിരം സ്വപ്നങ്ങൾ, സ്വപ്നങ്ങ—
ളാകാരമാന്ന മഹാത്ഭുതസിദ്ധികൾ,
ഉത്തുംഗസൗധങ്ങൾ, ഉന്മത്തരംഗങ്ങൾ
ഒക്കെ ക്ഷണത്താലുഴുതിട്ട പാടമായ്....
കൃത്രിമഗോളങ്ങളെയ്ത്തു വിൺമണ്ഡലം
വിക്ഷുബ്ധമാക്കുമിരുണ്ട ഹസ്തങ്ങളെ!
ഉത്തരമെന്തുഞാനോതേണ്ടു?—നിങ്ങൾതൻ-
ജൈത്രയാത്രാരവംകേട്ടു ഞെട്ടുന്നു ഞാൻ!

എൻമണിപ്പൈതലിൻനിശ്വാസമെന്നപോ—
ലെന്നെത്തഴുകിയുണർത്തു പൂന്തെന്നലിൽ,
ദൂരത്തിളംവെയിൽ കുങ്കുമംപൂശുന്ന
താരണിത്താഴ്‌വര നോക്കിയിരുന്നു ഞാൻ.

പാറിപ്പറക്കുന്ന തുമ്പികൾ നെയ്യുന്നു
പൂവണിപ്പൊയ്കയ്ക്കു പാവണിപ്പട്ടുകൾ....
തേനവശേഷിക്കും നറുംപൂക്കൾജീവിത—
പാനപാത്രത്തെ നിറയ്ക്കുന്നു ശ്രദ്ധമായ്....
എങ്ങുമദൃശ്യമാമേതോ രഹസ്യങ്ങൾ
നെയ്തിണക്കീടുന്നു ജീവതന്തുക്കളെ!....
ഓർത്തുഞാനിങ്ങനെ, യെൻമണിക്കുഞ്ഞിനെ
ചേർത്തണച്ചുമ്മവച്ചോമനിക്കുമ്പൊഴും;

"ആരെന്തറിഞ്ഞൂ പൊരുൾകണ്ടറിഞ്ഞവർ
ആദരിച്ചെന്തിനു വിശ്വപ്രകൃതിയെ?....
സ്നേഹപ്രചോദിതമല്ലാസ്സിൽ ജീവിത—
ദാഹംശമിക്കുമോ ശാസ്ത്രനീർ മോന്തിയാൽ!...."

16–10–1961

★

വിത്തേതിനും നൂറുമേനികൊയ്താമഴയ—
ല്ലിക്കമ്മേഭൂവിൻകതിർമണിക്കററകൾ....

നമ്മതൻചോട്ടിൽത്തഴക്കുന്ന പാഴ്ക്കള—
യൊന്നൊഴിയാതരിഞ്ഞിന്നിലംകാത്തവർ;

എന്നുമുണ്ടായിരു,ന്നെന്നുമുണ്ടാകുമീ—
കുന്നലനാട്ടിൻ പുരാവൃത്തമോരുകിൽ!....

അംബ! നിൻ കാൽത്തളിരർച്ചിക്കുവാൻ, കരൾ—
ച്ചെമ്പനീർപ്പൂവുമായ് കാത്തുനില്പൂന്നു ഞാൻ,
ആത്മാഭിമാനം ജ്വലിക്കുമത്തേരൊലി—
ആസേതുകൈലാസമാത്തിരമ്പീടിലും;
മദ്യവും, മാരവിരുന്നുമായ് മാളിക—
മച്ചുകളാഹ്ളാദനൃത്തംതിമിർക്കിലും;
പുൽക്കുടിലെങ്കിലും, പൂവിട്ടൊരുക്കമീ—
മുററത്തുമാത്രം കടന്നുവന്നില്ല നീ ...

# മണിത്തേര്

പൊട്ടിക്കരഞ്ഞെൻകിടാങ്ങളെൻ ചുററും, മാ—
പുത്തൻകൊടിക്കായ് കടംകൊണ്ടതാണവർ!
എത്രയെന്മാതുക്കാമൊതുങ്ങാത്ത കണ്ണുനീ—
രിത്രയ്ക്കുവേർതിരിവമ്മയ്ക്കു കാമ്യമോ?
തെററി; ഞാനെന്തോപുലമ്പി!—യെൻജീവനിൽ
കത്തുംവിഷാദംവിതുമ്പി!—യോർത്തില്ല ഞാൻ ...
അംബ! നിൻകാരുണ്യപീയൂഷമംബര—
ഗംഗയാ, യൂഴിപാതാളങ്ങൾപുല്കവെ;
വേടൻ വികാരോഷ്മളോജ്വലഭാഷയിൽ
വേദമുതിർന്നതീ മണ്ണിലെന്നോർക്കവെ;
പുൽക്കൊടിത്തുമ്പിനും പുഷ്പകിരീടമൊ—
ന്നർപ്പിച്ചുകാണ്മതേയമ്മയ്ക്കുനിർവൃതി!,...

'ഭക്ര'യും, 'റൂർഖല', 'രീഹാണ്ട'മംബ! നിൻ
ശക്തിദുർഗ്ഗങ്ങളായ് മാറുന്നതോക്കവെ;
കോരിത്തരിക്കയാ,ണാത്മാവിലായിരം
മായൂരപിഞ്ഛകംവീശിനിൻ തേരൊലി!

എങ്കില്ല;മിങ്ങെൻെറ കുന്നലനാടിൻെറ
പൊന്നിൻകിനാക്കൾതൻ കൈക്കുമ്പിൾശ്ശൂന്യമോ?
എങ്ങോ കുരുങ്ങിക്കിടക്കുന്നു സ്വാതന്ത്ര്യ-
നിർമ്മിച്ച കൈതവനീതികളിന്നിയും!
രക്തബന്ധങ്ങളും ചർച്ചയും നീതിതൻ
ശക്തികേന്ദ്രങ്ങളായ് വർത്തിപ്പു ചുററിനും!
വിത്തേതിനും നൂറുമേനിക്കുതാഴെയ-
ല്ലിക്കർമ്മഭൂവിൻ കതിർമണിക്കററകൾ....
നന്മതൻചോട്ടിൽ തഴയ്ക്കുന്നപാഴ്ക്കള-
യൊന്നൊഴിയാതരിഞ്ഞിന്നിലംകാത്തവർ;
എന്നുമുണ്ടായിരു,ന്നെന്നുമുണ്ടാകുമീ-
കുന്നലനാടിൻ പുരാവൃത്തമോരുകിൽ!....

കണ്ണീരുവീണതാണെങ്കിലുമെൻകരൾ-
ച്ചെമ്പനീർപ്പൂക്കണി തൃക്കാഴ്ചവയ്പൂ ഞാൻ.
എന്നെൻെറ പഞ്ചാരമുറത്തുമാ,മണി-
സ്യന്ദനമെത്തു;മെന്നാതിഥ്യമേററിടും?
ത്യാഗംവിതച്ചു പുഷ്ടിക്കിലേ ജീവിത-
ദാഹംശമിക്കുമാ സുപ്രഭാതംവരു!...

26-7-1963

★

താരാകുമാരിമാർ താലവൃന്തങ്ങളും

രാകേന്ദുവെൺകുളിർവെൺചാമരങ്ങളും;

ആലോലമേന്തും 'സുധർമ്മ'യിൽപോലുമെൻ

ദേവ! തവാഗമമമൂദേ്വഗദായകം!....

[പ്രതിരോധവകുപ്പിന്റെ അധികാരമൊഴിഞ്ഞ ശേഷം, ശ്രീ: വി. കെ. കൃഷ്ണമേനോൻ ആദ്യമായി കേരളം സന്ദർശിച്ച അവസരത്തിൽ രചിച്ചതു്. കൗരവസദസ്സിൽനിന്നു വരുന്ന കൃഷ്ണനെ കൃഷ്ണയും ഇങ്ങനെ സ്വാഗതംചെയ്തിരിക്കും!]

"സ്വാഗതം കൃഷ്ണ! ഭവാനെന്റെ ജീവന്റെ
താമരത്താലത്തിലേന്തുന്ന പൂക്കണി!....

ഇന്നീമലക്കണി!—ഇക്കരൾപ്പൂക്കണി—
യല്ലാതെ മററന്തു കാഴ്ചവയ്ക്കട്ടെ ഞാൻ....

# വരവേൽപ്പ്

എല്ലാമറിഞ്ഞുഞാൻ,— *ദേവർഷിനാരദൻ
ചൊല്ലി,—ഹാ! സത്യമോയിക്കേട്ടതൊക്കെയും?

എങ്കിലും കൃഷ്ണ! ഭവാനെത്തളയ്ക്കുവാൻ
അന്ധരാംകൗരവർക്കുററംമുഴത്തുവോ?....

തോററുതുല്ലിട്ടുപണ്ടോടിയൊളിച്ചവർ
ആപ്പിട്ടടുത്തുപോ,ലങ്ങേത്തകക്കുവാൻ....

അമ്മതൻസ്നേഹാർദ്രമാനസം പണ്ടു നിൻ
ഉണ്ണിക്കരങ്ങളെക്കെട്ടാൻമുതിന്നപോൽ....

അന്നക്കരസ്പർശമാത്രയിൽ കിന്നര—
സന്നതഗാത്രരായ്മാറീ മരങ്ങളും....

---

* അന്നത്തെ പി. ററി. ഐ.

ഇന്നക്കുരങ്ങളിൽ!—കഷ്ടം! ചെകുത്താന്റെ
സന്തതിവർഗ്ഗംവിലങ്ങിടാൻവെമ്പിപോൽ....

കൃഷ്ണ! ഭവദ്വിശ്വരൂപമപ്പാമര—
ദൃഷ്ടസപ്പ്ങ്ങൾക്കറിഞ്ഞിടാമെങ്കിലും;

—കഷ്ടം!—അസൂയതൻപത്തിനിൻകാൽച്ചുവി—
ട്ടേററുതകന്നാലതും മഹാനുഗ്രഹം....

ഒക്കെക്ഷമിക്കാൻകരുത്തുള്ളതല്ലി നിൻ—
നിസ്തുലപ്രേമവികസ്വരമാനസം!....

താരാകുമാരിമാർ താലവൃന്തങ്ങളും,
രാകേന്ദുവെൺകുളിർവെൺചാമരങ്ങളും;

ആലോലമേന്തും '$_x$സുധർമ്മ'യിൽപോലുമെൻ
ദേവ! തവാഗമമുദ്വേഗദായകം!....

സത്യധർമ്മങ്ങളെപിന്നിട്ടു ധാർമ്മിക
ശക്തിയായ് ഞങ്ങൾ വളർന്നുയർന്നീടുവാൻ;

ഞങ്ങൾക്കുതോഴനായ്, + പാർത്ഥന്റെജീവനായ്
എന്നുമുദ്ദീപ്തമാമുത്തേജകതത്വമായ്;....

മിന്നുന്ന കൃഷ്ണ! ഭവാനെന്റെജീവന്റെ
പൊന്നിൻമലർത്താലമർപ്പിപ്പൂ, സ്വാഗതം!....

അങ്ങതൻസാരഥ്യമേററന്റെ പാർത്ഥനീ
മണ്ണിലുമെത്തുംമഹാത്ഭുതസിദ്ധികൾ;

---

x ഇന്നത്തെ യു. എൻ. ഒ.

+ പണ്ഡിററ്ജി.

കണ്ടുകണ്ടുള്ളംകുളിക്കുവാനായിരം
ജന്മംപിറന്നാലു,—മാശിക്കയാണു ഞാൻ!....

സ്വാഗതം കൃഷ്ണ! ഭവാനെൻെറ ജീവൻെറ
താമരത്താലത്തിലേന്തുന്നു പൂക്കണി....
ഇന്നീമലർക്കണി!—ഇക്കരൾപ്പൂക്കണി
യല്ലാതെ മറെറന്തു കാഴ്ചവയ്ക്കട്ടെ ഞാൻ!

3-2-1963

★

ജീവിതമമ്പേ! ദഹിക്കലാ,ണായതിൽ
പൂവിതളാകാതെ പൊന്നായിവീഴകിൽ;
മാറേററു,മീട്ടററകാന്തിയുംവാസ്സു,മാ—
മാററുരസ്സാനൊരു കല്ലുണ്ടു;—കാലവും!....

ആ നല്ലകല്ലിലുരച്ചുതിളക്കിയ—
ഹീരങ്ങളല്ലം, പളുങ്കുകളേറെയും....
ഞന്നപ്പളുങ്കുകൾചേത്തു പൂമേടകൾ
നിർമ്മിച്ചഹന്തയെവാഴിപ്പുച്ചററിന്നും.

വേദനകണ്ടുകണ്ടാത്മാവിലൂറിയ—
വേദാന്തമാണെൻെറ കാവ്യപ്രചോദനം.

മാനവമുദ്രയൊന്നല്ലാതെ നിങ്ങൾതൻ
മാനദണ്ഡങ്ങളെ മാനിപ്പതില്ല ഞാൻ.

ആരുംകരുപ്പിടിപ്പിച്ചേകിയതല്ലിന്നു
ചാരുവല്ലെങ്കിലുമെൻെറ സിംഹാസനം.

വെള്ളിയലുക്കിട്ടൊരുക്കിയില്ലാരുമെൻ—
കണ്ണീർകണങ്ങളാൽതീർത്ത മുത്തുക്കുട.

## പളുങ്കുമേടകൾ

ആരോട്ടുമർത്ഥിച്ചതില്ലഞാ,നെൻ കലാ—
ദേവതയ്ക്കായൊരു ദുഗ്ധാഭിഷേചനം.
എൻജീവനാളം കൊളുത്തിയ നെയ്ത്തിരി—
യൊന്നിനാലർപ്പിപ്പൂ നിത്യനീരാജനം!....

ഭേരിമുഴക്കിക്കടന്നുപോയ് മുന്നിലൂ—
ടാറാട്ടുവേട്ടകളെത്ര!—യെങ്ങൊക്കെയും?
ആനയെ,ങ്ങമ്പാരിയെങ്ങെ, ങ്ങനന്തമാം
ശൂന്യതമാത്രം!—വിദൂരയാണുത്സവം!....

ജീവിതം *'ജീവത'യാന്നതാ നിൽക്കയാ—
ണാവിഷ്കരിക്കുവാനാവാതധൃഷ്യമായ്!....

---

* 'ജീവത'—ആന എഴുന്നള്ളത്തിന് നെററിപ്പട്ടത്തിന് മുകളിൽ എടുത്തു പിടിക്കുന്ന ഒരു ചമയോപകരണം.

തപ്പിത്തടഞ്ഞുതൊ,—"നമ്മെറത്തുണാണു
ശൂഷ്കമീജീവിത,"മെന്നു ജല്പിക്കയേ.!

അജ്ഞതേ! നാവൊട്ടടക്കു; ഞാനീമഹാ
സർഗ്ഗപ്രപഞ്ചമൊന്നെത്തിനോക്കട്ടെടോ.

ആതപജ്വാലകൾ തീപെയ്യെ, നീരാഴി—
യാകെപ്പിടഞ്ഞുപുളഞ്ഞുകുത്തുമ്പൊഴും;

ആഹാര്യഭംഗികൾ വീശുന്നമാരിവി—
ല്ലാകാശനീലിമയ്ക്കർപ്പിപ്പു ശുദ്ധമായ്....

ചക്രവാളങ്ങളെപ്പൊട്ടിച്ചുയന്നിട്ടും
നക്ഷത്രജാലം ജ്വലിച്ചുരുകുമ്പൊഴും;

പൊൽക്കതിർപ്പൂവിതൾപെയ്യയാണൂഴിതൻ
ഉൾക്കളംകൂരിരുൾമുററാതിരിക്കുവാൻ....

വേദനവിങ്ങുന്ന വിത്തിൻകരൾവിണ്ടു
പൂവിടാൻവെമ്പിക്കുതിപ്പൂ പൊടിപ്പുകൾ....

ജീവിതമമ്പേ!ദഹിക്കലാ,ണായതിൽ
പൂവിതളാകാതെ പൊന്നായിവീഴകിൽ;

മാറേററു,മീട്ടററകാന്തിയുംവായ്ക്കു,മാ—
മാററുരയ്ക്കാ,നൊരു കല്ലുണ്ടു;—കാലവ്യം!—

ആ നല്ലകല്ലിലുരച്ചുതിളക്കിയ—
ഹീരങ്ങളല്ലും, പളുങ്കുകളേറെയും....

ഇന്നപ്പളുങ്കുകൾചേർത്തു പൂമേടകൾ
നിർമ്മിച്ചഹന്തയെ വാഴിപ്പുചുററിനും.

ആമണിമേടകൾതോറും നതാംഗിമാർ
ഓണവിരുന്നുമായ്മാടിവിളിക്കവെ;

വെമ്പിക്കരതിക്കായ്ക്കു ചിന്തേ! നിനക്കെൻറ
യന്തഃപുരത്തിലൊരുക്കുന്ന തീനുകൾ!....

മുൾക്കിരീടങ്ങളണിഞ്ഞോരാത്മാവു,നിൻ—
സൽകൃതിക്കായ് സദാ കാത്തിരിക്കുന്നതിൽ!....

5-9—1960

★



# 'പളുങ്കുമേട'

കെ. വി. ദേവ്.

കാലഗതിയിൽ [illegible]ത്ത കാവ്യഭാവനകൾ കൈലാസ ശൃംഗത്തിൽ കണ്ട കാ[illegible]കണ്വാശ്രമത്തിലെ "പുകയുന്ന പൂനിലാവും" തീൻമൂ[illegible]നാഥ സിംഹാസനവും" "എന്തിനാണച്ഛാ കുലുങ്ങുന്നത്[illegible]പിഞ്ചോമനയുടെ ചോദ്യത്തിനു മുന്നിൽ കുഴങ്ങിനിൽക്കു[illegible]ത്തിലെ മനുഷ്യനും, മററും മററും ഈ "പളുങ്കുമേട"യുടെ വ[illegible]ാലയിൽ അണിനിരന്നിട്ടുണ്ട്. കാലം കവിക്കു വിലങ്ങല്ല, കവി കാലത്തെ ചില്ലു കൂട്ടിലടച്ചു കാലാന്തരങ്ങൾക്കു കാഴ്ചവയ്ക്കുന്നു എന്നു് ഇതിലെ ഓരോ കവിതയും വിളിച്ചറിയിക്കുന്നു.

വാനമ്പാടി ബുക്ക്സ്, കൊല്ലം—8.

# പളുങ്കുമേട

കെ.വി.ദേവ്

Indic Digital Archive Foundation
gpura.org